# നീരയിൽ നിന്നുള്ള മധുരപലഹാരങ്ങൾ വിപണി കീഴടക്കുന്നു

തിരുവനന്തപുരം: വെറും പാനീയമെന്നതിലുപരിയായി നീരയിൽ നിന്നും ഉൽപാദിപ്പിക്കുന്ന മധുരപലഹാരങ്ങൾ വിപണി കീഴടക്കുന്നു. 26 ൽ പരം മധുര പലഹാരങ്ങളാണ് നാളികേര ബോർഡിന്റെ വാഴക്കുളത്തുള്ള യൂണിറ്റിൽ വിജയകരമായി ഉൽപാദിപ്പിച്ച് വിപണിയിലെത്തിച്ചിട്ടുള്ളത്. നീര ചോക്ലേറ്റ്, നീര കുക്കീസ്, നീര ഫ്രൂട്ട് ജാം, ബർഫി, ഹൽവ, ലഡു, ജാം, പുഡ്ഡിംഗ്, പേട, ഗുലാബ് ജാമുൻ, നീര ടൂട്ടി ഫ്രൂട്ടി എന്നിവക്ക് മികച്ച സ്വീകാര്യതയാണ് ലഭിക്കുന്നതെന്ന് വിപണിയിൽ നിന്നുള്ള പ്രതികരണങ്ങൾ തെളിയിക്കുന്നു. വർഷങ്ങളായി അബ്കാരി നിയമത്തിൽ നിലനിന്ന തടസ്സങ്ങൾ നീക്കം ചെയ്താണ് നീരയും നീരയുടെ മൂല്യവർദ്ധിത ഉൽപന്നങ്ങളും നാളികേര വികസന ബോർഡ് മുൻകൈ എടുത്ത് വിപണിയിലെത്തിച്ചത്. നീരയിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമിക്കുന്നതിന് വാഴക്കുളം യൂണിറ്റിൽ പരിശീലനം നൽകുന്നുണ്ട്. കേരോൽപാദക കൂട്ടായ്മകൾക്കാണ് നീരയുടെ മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉണ്ടാക്കുന്നതിന് പരിശീലനം നൽകുന്നത്.

രക്തത്തിലേയ്ക്ക് ആഗിരണം ചെയ്യുന്ന പഞ്ചസാരയുടെ അളവ് ഗ്ലൈസീമിക് ഇൻഡക്സ് 35 മാത്രമായതിനാൽ പ്രമേഹരോഗികൾക്കും ഉപയോഗിക്കാമെന്നത് നീരയുടെ പ്രസക്തി വർധിപ്പിക്കുന്നുണ്ട്. എറണാകുളം ജില്ലയിലെ ഒരു കമ്പനി ക്രിസ്തുമസ് നവവത്സരത്തോട് അനുബന്ധിച്ച് പുറത്തിറക്കിയ നീരപാനി ഉപയോഗിച്ചുള്ള കേക്കിന് വിപണിയിൽ വൻ ഡിമാന്റ് ഉണ്ടായിരുന്നു. കരുനാഗപ്പള്ളിയിൽ നിന്നും കൊല്ലത്തും നീര പാർലറുകൾ അടുത്തിടെ ആരംഭിച്ചിട്ടുണ്ട്. ഇതോടൊപ്പം മറ്റ് മൂല്യവർദ്ധിത ഉൽപന്നങ്ങളായ നീര ജാഗറി, സിറപ്പ്, കേക്ക്, മിഠായി എന്നിവയും പുറത്തിറക്കിയിട്ടുണ്ട്. പാലക്കാട്ട് 10 കിയോസ്കുകളിലൂടെ ഒരു ദിവസം ഏകദേശം 150 ലിറ്റർ നീര വരെ വിപണിയിൽ എത്തിക്കുന്നു.

ഇത്തരം സംരംഭങ്ങളിലൂടെ നീരയിൽ നിന്നും കർഷകർക്ക് തെങ്ങിൽ നിന്നും പരമാവധി വരുമാനം ലഭിക്കാൻ സാധ്യതയാണ് തെളിയുന്നത്. പ്രതിദിനം ഒരു ലിറ്റർ നീര ലഭിച്ചാൽ കർഷകന് ലഭിക്കുന്ന പ്രതിമാസ വരുമാനം 1500 രൂപയാണ്.

സംസ്ഥാനത്ത് നീര ഉൽപാദനത്തിനും, വിതരണത്തിനുമായി അനുവദിച്ച ലൈസൻസുകളുടെ രണ്ടാംഘട്ട വിതരണം ഇന്ന് ഉച്ച കഴിഞ്ഞ് മൂന്നു മണിക്ക് എറണാകുളം ഫൈൻ ആർട്സ് ഹാളിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവഹിക്കും. നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 173 കേരോൽപാദക ഫെഡറേഷനുകൾക്ക് ലൈസൻസ് അനുവദിച്ചുകൊണ്ട് എക്സൈസ് വകുപ്പ് ഉത്തരവിറക്കിയതനുസരിച്ചാണ് രണ്ടാംഘട്ട ലൈസൻസ് വിതരണം നടത്തുന്നത്. ആദ്യ ലൈസൻസ് വിതരണം കഴിഞ്ഞ മാർച്ച് 2ന് കോട്ടയത്ത് മുഖ്യമന്ത്രി നിർവ്വഹിച്ചിരുന്നു. 108 കേരോത്പാദക ഫെഡറേഷനുകൾക്കാണ് രണ്ടാംഘട്ടത്തിൽ ലൈസൻസ് വിതരണം ചെയ്യുക. നീരാധിഷ്ഠിതമായ കൂടുതൽ മൂല്യവർധിത നാളികേര ഉൽപന്നങ്ങളും ഇന്ന് വിപണിയിലിറക്കും.